**പതിമൂന്നാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 95** **04.02.2013 ൽ മറുപടിയ്ക്ക്**

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി**

**ചോദ്യം**

ശ്രീ. വി. ചെന്താമരാക്ഷൻ

**ഉത്തരം**

**ശ്രീ. ഉമ്മൻ ചാണ്ടി**
**(ബഹു. മുഖ്യമന്ത്രി)**

എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാസഹായമായി അനുവദിക്കുന്ന തുക അർഹതപ്പെട്ട വ്യക്തികളുടെ കൈയിൽ കിട്ടുന്നതിന് നിലവിലുള്ള സംവിധാനം എന്തെല്ലാമാണെന്നു വിശദമാക്കുമോ ;

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായമായി അനുവദിച്ചുകൊണ്ടുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട തഹസീൽദാർമാർ ഗുണഭോക്താവിന് നോട്ടീസ് നൽകി സംഖ്യ ക്യാഷ് ചെക്കായി വിതരണം ചെയ്യുന്നു. പ്രസ്തുത നോട്ടീസ് ലഭ്യമാകുമ്പോൾ ഗുണഭോക്താവ് റേഷൻ കാർഡ്, തിരിച്ചറിയൽ കാർഡ് എന്നിവ സഹിതം ഹാജരായി ബന്ധപ്പെട്ട താലൂക്ക് ഓഫീസിൽ നിന്നും ചെക്ക് കൈപ്പറ്റുന്നു.

കക്ഷികൾ ഹാജരാകാത്ത പക്ഷം വില്ലേജ് ഓഫീസർ മുഖേനയും രജിസ്റ്റേർഡ് തപാൽ മുഖേനയും നോട്ടീസ് അയയ്ക്കുന്നു. നോട്ടീസ് നൽകിയ ശേഷവും തുക കൈപ്പറ്റാൻ കക്ഷികൾ ഹാജരാകാത്ത സാഹചര്യത്തിൽ തുക സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്നു.

(ബി) ഇത്തരത്തിൽ അനുവദിക്കുന്ന തുക യഥാർത്ഥവ്യക്തികളെ കണ്ടെത്താതെ സർക്കാരിലേയ്ക്കു തിരിച്ചടയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ട്.

സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലക്കാട് ജില്ലയിൽ നിന്നും എത്ര തുകയാണ് തിരിച്ചടച്ചിട്ടുള്ളത്; താലൂക്ക് തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ?

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലക്കാട് ജില്ലയിൽ നിന്നും ആകെ 13,75,000/- രൂപ തിരിച്ചടച്ചിട്ടുണ്ട്. താലൂക്ക് തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു.

| | |
|---|---|
| ചിറ്റൂർ | - 7,74,500/- രൂപ |
| പാലക്കാട് | - 2,32,000/- രൂപ |
| ആലത്തൂർ | - 2,19,000/- രൂപ |
| മണ്ണാർക്കാട് | - 1,25,000/- രൂപ |
| ഒറ്റപ്പാലം | - 24,500/- രൂപ |

**സെക്ഷൻ ഓഫീസർ.**